ഉത്തരം

(എ) 599 ലക്ഷം രൂപ

(ബി) ഒരു ലക്ഷം രൂപ.

(സി) ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) നബാർഡ് സഹായത്തോടെ ഈ പണി നടത്തുന്നതിന് നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(ഇ & എഫ്) പ്രസ്തുത റോഡിന്റെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന ഭാഗം അറ്റകുറ്റപ്പണി ചെയ്ത് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. ബാക്കി ഭാഗം വൈദ്യുതി ബോർഡിന്റെ പരിധിയിൽ വരുന്നതിനാൽ ആ വകുപ്പാണ് നടപടി സ്വീകരിക്കേണ്ടത്.

(ജി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**മോഡേൺ കൊളത്തറ, അരീനാട്-പൂളക്കടവ് റോഡുകൾക്കായി സ്ഥലം അക്വയർ ചെയ്യാൻ നടപടി**

**49 (1988)** ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോഡേൺ കൊളത്തറ, അരീനാട്-പൂളക്കടവ് റോഡുകൾക്കായി സ്ഥലം അക്വയർ ചെയ്തതിന് കോമ്പൻസേഷൻ തുക നൽകാൻ ബാക്കിയുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഉണ്ടെങ്കിൽ ഓരോ റോഡിനുമായി എത്ര തുക വീതം നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ബാക്കിയുള്ള തുക കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) മോഡേൺ-കൊളത്തറ റോഡിന് 16 ലക്ഷം രൂപയും അരീനാട്-പൂളക്കടവ് റോഡിന് 14 ലക്ഷം രൂപയും നൽകാനുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ തുക കൊടുത്തു തീർക്കുന്നതാണ്.

**മലപ്പുറം ബൈപാസിന്റെ നിർമ്മാണ പുരോഗതി**

**50 (1989)** ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മംപുറം ബൈപാസിന്റെ നിർമ്മാണ പുരോഗതി എത്രത്തോളമായി എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly